ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങനെ പരാതി കിട്ടിയിട്ടുള്ളപ്പോഴെല്ലാം അവയെപ്പറ്റി അപ്പഴപ്പോൾ അന്വേഷണം നടത്തുകയും കൈക്കൂലി വാങ്ങിയിട്ടുണ്ടെന്നു് ബോദ്ധ്യപ്പെട്ടിട്ടുള്ള ആളുകളുടെ പേരിൽ വേണ്ട നടപടികളും നടത്തുകയും ചെയ്തിട്ടുണ്ടു്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഈ വക പരാതികളും അന്വേഷിക്കാൻ ആരെയാണു് ചുമതലപ്പെടുത്തുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള. അതിലേക്കു് ആവശ്യമുള്ള ഉദ്യോഗസ്ഥന്മാരെ നിയമിച്ചിട്ടുണ്ടു്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഇതെപ്പറ്റി അന്വേഷണം നടത്താൻ അതായതു് മേലുദ്യോഗസ്ഥന്മാരേയാണോ നിയമിക്കുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: മേലുദ്യോഗസ്ഥന്മാരേയും ചിലപ്പോൾ മാറ്റ ഉദ്യോഗസ്ഥന്മാരേയും നിയമിക്കും.

കോർട്ടവളപ്പിലെ ഹോസ്റ്റൽ

* ൭൦൪. (നമ്പ) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഹൈക്കോർട്ട മാനേജർ കോർട്ടവളപ്പിൽ ഒരു ഹോസ്റ്റൽ നടത്തുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനു് അനുവാദം വാങ്ങിയിട്ടുണ്ടോ?

(സി) ഈ ഹോസ്റ്റലിനു വിറക ശേഖരിക്കുന്നതു് എവിടെ നിന്നാണു്;

(ഡി) ആ വളപ്പിൽതന്നെ ശേഖരിച്ചിട്ടുള്ള സ്ക്കർവക തടി ഹോസ്റ്റലിനുവേണ്ടി എടുത്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള:

(എ) ഇല്ല.

(ബി, സി, ഡി) ഈ ചോദ്യങ്ങൾ ഉദിക്കുന്നില്ല.

ശ്രീ. അലക്സാണ്ടർ വാകയിൽ: ഇതിനെപ്പറ്റി വല്ല അന്വേഷണവും നടത്തിയോ?

ശ്രീ. ടി. കെ. നാരായണപിള്ള: അന്വേഷണം നടത്തിയിട്ടാണു് ഉത്തരം പറയുന്നതു്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: കോർട്ട വളപ്പിൽ ഒരു ഹോട്ടൽ നടത്തുന്നതായി ഗവണ്മെണ്ടിനു് അറിവുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഹോസ്റ്റൽ നടത്തുന്നുണ്ടോ എന്നാണു് ഈ ചോദ്യത്തിൽ ചോദിച്ചിട്ടുള്ളതു്. ഹോട്ടൽ ഉണ്ടോ എന്നുള്ള കാര്യം അന്വേഷിച്ചു പറയാം.

MILITARY FORCE

*706. [33] **Sri. Eapen Arakal:** Will Hon'ble Chief Minister be pleased to state.—

(*a*) the total strength of the military force of the Travancore-Cochin State;

(*b*) what is the salary of the Officer Commanding of the State Military forces;

(*c*) how many Officers are there in the State military drawing a salary of Rs. 300 and above; will the Government be pleased to state their names and their ranks?

Sri. T. K. Narayana Pillai: (*a*, *b* and *c*) It is not in public interest to divulge this information.

സാഹിബു് ബഹദൂർ കെ. എ. മുഹമ്മദ്: ബിൽ എഴുതിയല്ലെ ഈ പറഞ്ഞ ഉദ്യോഗസ്ഥൻ ശമ്പളം വാങ്ങിക്കുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: ബിൽ എഴുതി വാങ്ങിയാലും ആ ഉദ്യോഗസ്ഥനല്ല അതു് അറിയാൻ സാധിക്കുകയുള്ളു.

Sri. Eapen Arakal: Sir, I rise to a point of order. Is information on this a thing which cannot be made available to this House?

Mr. Speaker: The answer given is that in public interest it cannot be divulged.

ശ്രീ. സി. വി. ഇയ്യു: അപ്പോൾ ഇവിടത്തെ കമാൻറിംഗ് ആഫീസർ ശമ്പളം വാങ്ങിക്കുന്നതു് ആരും അറിയാതെയാണോ?

Mr. Speaker: The Hon'ble Minister concerned is of the opinion that it is not in public interest to supply the information to the House. That being so the minister cannot be pressed

LIBRARY ARCHIVES Kerala Legislative Assembly

for an answer and his decision regarding the effect of divulging the information cannot be interfered with ordinarily.

Sri. Eapen Arackal : Is the decision in this matter made by the Minister or the Speaker?

Mr. Speaker : The probable effect of divulging the information, no doubt, is a matter decided by the minister concerned. That cannot be ordinarily interfered with.

DIRETOR OF TRANSPORT

***707.** [34] **Sri. Eapen Arackal:** Will the Hon'ble Chief Minister be pleased to state.—

(*a*) what is the salary grade of the Director of Transport and what salary does the present Director of Transport get; and

(*b*) what salary was the present Director of Transport getting before he was appointed as the Director of Transport ?

Sri. T. K. Narayana Pillai:

(*a*) In the scale of 450-750.

(*b*) Rs. 450 in the scale of 350 to 450.

സാഹിബ് ബഹദൂർ കെ. എ. മഹമ്മദ്: ഇപ്പോൾ സയറക്ടരായിരിക്കുന്ന ആളിനു് കിട്ടുന്ന ശമ്പളവും, മൻപു ഡയറക്ടരായിരുന്ന ആളിനു കിട്ടിയിരുന്ന ശമ്പളവുമായി വ്യത്യാസമുണ്ടോ ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ടു്. മൻപുണ്ടായിരുന്ന ഡയറക്ടരുടെ ശമ്പളം ഈ ഉദ്യോഗസ്ഥൻ ചോദിച്ചിട്ടില്ല.

ശ്രീ. ഈപ്പൻ അറയ്ക്കൽ: ഇപ്പോഴത്തെ ഡയറക്ടരുടെ ശമ്പളം എന്താണെന്നു് പറയാൻ ദയവുണ്ടാകുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ൯൪൦—൨൦—൫൪൦ രൂപാ. അതിൽ ൫൪൦ രൂപായാണു് ഡയറക്ടരുടെ ഇപ്പോഴത്തെ ശമ്പളം.

ശ്രീ. ഈപ്പൻ അറയ്ക്കൽ: ഇപ്പോഴത്തെ ഡയറക്ടക്കു് മറ്റുപ്രകാരമുള്ള ശമ്പളം കിട്ടുന്നില്ലല്ലോ, അതെന്താണു്?

ശ്രീ. ടി. കെ. നാരായണപിള്ള: എ. യുടെ ഉത്തരത്തിൽനിന്നും അതു് വെളിവാകുന്നതാണു്.

COPYISTS

***708.** [35] **Sri. Eapen Arackal :** Will the Hon'ble Minister for Local Self-Government be pleased to state what is the Minimum qualification required for appointment as copyists in the Sub-Registrar's office?

Sri. N. Kunjuraman : There is no post of copyist in the Registration Department. The work of copyist is done by the clerk in the Department. Their minimum qualification is E.S.L.C., or S.S.L.C. or its equivalent. The alternative minimum qualification is E.S.L.C.

ശ്രീ. ഈപ്പൻ അറയ്ക്കൽ: കാപ്പിസ്റ്റുസിനെ നിയമിക്കുമ്പോൾ അവരുടെ കൈപ്പട നല്ലതാണൊ എന്നു നോക്കേണ്ട ആവശ്യമുള്ളതായി അറിയാമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: പരീക്ഷായോഗ്യതയാണു് പ്രധാനമായി നോക്കുന്നതു്. അതോടുകൂടി കൈപ്പടയും നോക്കുന്നുണ്ടോ എന്നു് സംശയമാണു്.

Sri. Eapen Arackal : Is there any consideration for the legibility of the hand-writing?

ശ്രീ. എൻ. കുഞ്ഞുരാമൻ: ഇതിനു് ഉത്തരം പറഞ്ഞുകഴിഞ്ഞു.

ശ്രീ. ഈപ്പൻ അറയ്ക്കൽ: അങ്ങനെ കൈപ്പട നോക്കാതെ കോപ്പിസ്റ്റന്മാരെ നിയമിച്ചാൽ അവർ പകർത്തുന്ന ആധാരങ്ങൾ വായിക്കാൻ പ്രയാസമുണ്ടെന്നുള്ള സംഗതി ഗവണ്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: ഗവണ്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല.

വീട് തീവെയ്പ് കേസ്

* ൭൦൯. (൩൯) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ഫെബ്രുവരി ൪-ാംന-യിലെ പൗരധ്വനിയിൽ, ഫെബ്രുവരി ൩-ാംന-യിലെ ഇടപ്പള്ളി വാർത്തയായി ചേർത്തിരുന്ന 'വീടിനു തീ വച്ചെന്നു' എന്ന ഒരു വാർത്ത ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly